# ഗവ.സംസ്കൃത ഹൈസ്കൂൾ ഫോർട്ട്




## ദീപശിഖ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ആമുഖം | 3 |
| 2. | പൊതുലക്ഷ്യങ്ങൾ | 6 |
| 3. | സംസ്കൃതം | 9 |
| 4. | ഇംഗ്ലീഷ് | 15 |
| 5. | ഹിന്ദി | 20 |
| 6. | സയൻസ് | 26 |
| 7. | ഗണിതം | 32 |
| 8. | സാമൂഹ്യശാസ്ത്രം | 36 |
| 9. | പ്രവർത്തി പരിചയം | 41 |
| 10. | കലാപരിശീലനം | 42 |
| 11. | ആരോഗ്യ – കായിക വിദ്യാഭ്യാസം | 43 |
| 12. | മോണിറ്ററിംഗ് രീതി | 44 |
| 13. | ഉപസംഹാരം | 44 |

## ആമുഖം

തിരുവനന്തപുരം ജില്ലയിലെ ഏക സംസ്കൃത ഓറിയന്റൽ സ്കൂൾ എന്ന നിലയിൽ പ്രൗഢിയോടെ പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് സംസ്കൃത ഹൈസ്കൂൾ, ഫോർട്ട് ചരിത്ര പ്രാധാന്യമുള്ള വിദ്യാലയമാണ്. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന സംസ്കൃതം സ്കൂളിനെ ഇനിയുമേറെ ഉയരത്തിലെത്തിക്കുവാനും, പൈതൃകവും, ആധുനികതയും കോർത്തിണക്കി പുത്തൻ തലമുറകൾക്ക് അറിവിന്റെ വെളിച്ചമേകാനും അവരെ വിവിധ മേഖലകളിൽ ഉന്നത ശീർഷരാക്കാനുള്ള പ്രവർത്തനങ്ങളുടെ ഒരു രൂപ രേഖയാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാൻ.

## സ്കൂൾ ചരിത്രം

ശ്രീമൂലം തിരുനാൾ മഹാരാജാവ് കാശിയിലേയ്ക്ക് തീർത്ഥയാത്ര പോവുകയും സന്ദർഭവശാൽ സംസ്കൃത കലാലയം സന്ദർശിക്കുകയും ചെയ്തു. കലാലയത്തിന്റെ പ്രവർത്തനത്തിൽ ആകൃഷ്ടനായി അതേ രീതിയിൽ ഒരു പഠന സമ്പ്രദായം തിരുവനന്തപുരത്തും ആരംഭിക്കണം എന്ന ഉദ്ദേശത്തോടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സംസ്കൃത പണ്ഡിതന്മാരെ ക്ഷണിച്ചുവരുത്തുകയും,എ ഡി 1889 ൽ ബനാറസ് രീതിയിൽ ഒരു സംസ്കൃത കലാശാല സ്ഥാപിക്കുകയും ചെയ്തു. രാജകീയ സംസ്കൃത പാഠശാല എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സ്ഥാപനം മിത്രാനന്ദപുരത്ത് ഒരു ക്ഷേത്രത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഇവിടെ വേദ പഠനം പ്രധാനമായി പരിഗണിച്ചു. പ്രഥമ, ദ്വിതിയ, തൃതീയ, ചതുർത്ഥി, പഞ്ചമി ക്ലാസുകൾ കഴിഞ്ഞാൽ ശാസ്ത്രീയ ക്ലാസുകളിലേയ്ക്ക് പ്രവേശനം ലഭിക്കും. ഉപാദ്ധ്യായ, മഹോപാദ്ധ്യായ, ആചാര്യ എന്നിങ്ങനെ പോകുന്നു ഉപരിപഠനം. തുടക്കത്തിൽ നാമമാത്രമായ കുട്ടികളായിരുന്നെങ്കിലും പിന്നീട് ധാരാളം കുട്ടികൾ പഠിക്കാൻ എത്തി.

കുട്ടികൾക്കായി പാഠപുസ്തകങ്ങൾ രൂപ കൽപ്പന ചെയ്തത് എ.ആർ.രാജരാജവർമ്മയുടെ നേതൃത്വത്തിലായിരുന്നു. അദ്ദേഹത്തെ ആദ്യ പ്രിൻസിപ്പലായി നിയമിച്ചു. അക്കാലത്ത് സാഹിത്യത്തിനും, ശാസ്ത്രത്തിനും നല്ല പ്രാധാന്യം നൽകിയിരുന്നു. എ.ഡി.1899-ൽ. ഡോ.ഗണപതി ശാസ്ത്രികൾ പ്രഥമാധ്യാപകനായി നിയമിതനായി.

ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് രാജാധികാരം ഏറ്റപ്പോൾ വിദ്യാലയത്തിന് കാതലായ മാറ്റങ്ങൾ വരുത്തുകയും വിദ്യാലയം 2 തട്ടുകളിലായി വിഭജിക്കുകയും ചെയ്തു. പ്രാഥമിക പഠനത്തിന് രാജകീയ സംസ്കൃത കലാശാലയും സ്ഥാപിതമായി.

1919-ൽ പാൽക്കുളങ്ങര ഡി.കൃഷ്ണൻ തമ്പിയുടെ വസതിയിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം 1942-ൽ ദിവാൻ സർ സി.പി.രാമസ്വാമി അയ്യരുടെ സന്ദർശനത്തോടുകൂടിയാണ് സ്കൂൾ വിഭാഗം കോട്ടയ്ക്കത്തെ കുതിരാലയത്തിലേയ്ക്കും, കോളേജ് വിഭാഗം ആർട്സ് കോളേജിലേയ്ക്കും മാറ്റി സ്ഥാപിക്കപ്പെട്ടത്. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ഗോപാലപിള്ളയായിരുന്നു.

1936 ക്ഷേത്ര പ്രവേശന വിളംബരത്തിനു ശേഷം നാനാജാതി മതസ്ഥർക്ക് സ്കൂളിൽ പ്രവേശനം ലഭിച്ചു. 1948-ൽ സംസ്കൃത സ്കൂളുകളെയും കോളേജുകളുകളെയും പറ്റി പഠിച്ച് നിർദ്ദേശിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുകയും അതിന്റെ ഫലമായി സ്കൂളുകളിൽ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കാം എന്ന തീരുമാനം ആവുകയും ചെയ്തു. കാലക്രമത്തിൽ സ്കൂളിൽ 5 മുതൽ 10 വരെ ക്ലാസുകൾ ക്രമീകരിക്കുകയും ചെയ്തു.

ഈ സ്കൂളിൽ പഠിച്ച പ്രമുഖരിൽ ചിലരാണ് കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാല മുൻ വൈസ് ചാൻസലർ പരമേശ്വരനുണ്ണി. രാഷ്ട്രപതിയുടെ പുരസ്കാരം ലഭിച്ച പ്രൊഫസർ.ആർ.വാസുദേവൻ പോറ്റി. ചിത്രകാരനായ ശ്രീ.കെ.വി.നായർ തുടങ്ങിയവർ.

ഈ സ്കൂളിലെ ഇപ്പോഴത്തെ പ്രഥമാദ്ധ്യാപിക ശ്രീമതി.അനിത രാജൻ ഉൾപ്പെടെ 9 അദ്ധ്യാപകരാണ് ഉള്ളത്. ക്ലാർക്ക് ഉൾപ്പെടെ അനധ്യാപകരുടെ എണ്ണം നാലാണ്. 13 ആൺ കുട്ടികളും 13 പെൺകുട്ടികളും ഉൾപ്പെടെ ഈ വർഷം 26 കുട്ടികൾ പഠിക്കുന്നു.

## സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ

27 സെന്റ് വസ്തുവിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. സ്കൂളിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാണ്. സ്മാർട്ട് ക്ലാസ് റൂം,സയൻസ് ലാബ്, ലൈബ്രറി, സ്കൂൾ സൊസൈറ്റി, പാചകപ്പുര, ക്ലാസ് റൂമുകൾ, ഊട്ടുപുര, കുട്ടികളുടെ എണ്ണത്തിന് അനുപാതമായ ശൗചാലയങ്ങൾ, റീഡിംഗ് റൂം എന്നിവ പ്രവർത്തനക്ഷമമാണ്.:എന്നാൽ ഇവയൊക്കെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് ഈ സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നം. ഈ കാരണത്താൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല. മറ്റു സ്കൂളുകളിൽ കാണുന്ന ആകർഷണീയമായ കെട്ടിടങ്ങളോ മറ്റു സൗകര്യങ്ങളോ ഈ സ്കൂളിൽ ഇല്ല എന്നും, കുട്ടികൾക്ക് സ്കൂൾ ബസ്സ് ഇല്ല എന്നതുമൊക്കെയാണ് രക്ഷിതാക്കളുടെ പരാതി.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്കൂളിലെ അദ്ധ്യാപകരും, അനദ്ധ്യാപകരും, രക്ഷകർത്താക്കളും, കുട്ടികളുമെല്ലാം യോജിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന് പുതിയ കെട്ടിടവും, സൗകര്യങ്ങളും ഒരുക്കുന്നതിനായി ഒരു കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. .ഇതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.. സ്കൂളിന്റെ മുന്നോട്ടുള്ള പുരോഗതിയ്ക്കായി പൂർവ്വ വിദ്യാർത്ഥികളുടെ സഹായ സഹകരണവും ലഭിച്ചുവരുന്നു.

# പൊതുലക്ഷ്യങ്ങൾ

* അഞ്ച് മുതൽ പത്ത് വയസ്സുവരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും, ശേഷികളും നേടിയെന്ന് ഉറപ്പ് വരുത്തുക. മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടുക.

* എല്ലാ കുട്ടികൾക്കും പഠനത്തിനും, വികസനത്തിനും തുല്യ അവസരം സൃഷ്ടിക്കുക.

* സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും, പരിമിതികളെ മറികടക്കാനുമുള്ള അവസരം സൃഷ്ടിക്കുക.

* മികച്ച ശാരീരിക – മാനസിക – വൈകാരിക ആരോഗ്യം ഉറപ്പാക്കുക.

* കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിനുള്ള പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ.

* മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

* ആരോഗ്യകരമായ സ്ത്രീ – പുരുഷ ബന്ധത്തെക്കുറിച്ചും, തുല്യത – ലിംഗ സമത്വം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാട് സ്കൂൾ തലത്തിൽ തന്നെ കുട്ടികളിൽ വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

* വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിൻതുണയും ശ്രദ്ധയുമുറപ്പിക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

* സംഘപഠനമുൾപ്പെടെയുള്ള വൈവിദ്ധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കാവുന്ന അറിവുകളും, കഴിവുകളും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.

* ആവാസ–പരിസര സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തു കയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസി പ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി സ്കൂൾ ജൈവവൈവിദ്ധ്യ ഉദ്യാനമാക്കി മാറ്റുക.

* പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
* അഞ്ചു മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ എഴുതുവാനും, വായിക്കുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ ലൈബ്രറി സജ്ജീകരിക്കുക.
* എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം ലഭ്യമാക്കുക.
* സ്കൂളിൽ കുട്ടികളുടെ പാർക്ക് സജ്ജീകരിക്കുക.
* അഞ്ച് മുതൽ പത്ത് വരെയുള്ള കുട്ടികളിൽ സാമൂഹ്യ - ശാസ്ത്ര പഠന താൽപര്യം ജനിപ്പിക്കുക.
* ജൈവവൈവിദ്ധ്യ ഉദ്യാന നിർമ്മാണത്തിലൂടെ കുട്ടികളെ കൃഷിയിൽ താല്പര്യമുള്ളവരാക്കുക.
* കുട്ടികളുടെ റേഡിയോ സ്റ്റേഷൻ എന്ന സംവിധാനം തയ്യാറാക്കുക.

**ഈ അധ്യയന വർഷത്തിൽ സംസ്കൃതം സ്കൂളിൽ ഹ്രസ്വ ദീർഘ കാലാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന ചില കാര്യങ്ങൾ വിദ്യാഭ്യാസ വികസന മാർഗ്ഗനിർദ്ദേശങ്ങൾക്കകത്തുനിന്ന് ചുവടെ ചേർക്കുന്നു.**

## ഹ്രസ്വകാലാടിസ്ഥാനത്തിൽ ഈ അദ്ധ്യയനവർഷം നടത്താവുന്ന പ്രവർത്തനങ്ങൾ

* വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കൽ
* പുതുതായി സ്കൂളിൽ എത്തുന്നവരെ സംസ്കൃതഭാഷയുടെ ലിപി പഠിപ്പിക്കൽ.
* ഭാഷാ ഉപയോഗം കാര്യക്ഷമമാക്കൽ
* പഠന പ്രക്രിയ ക്രിയാത്മകവും വൈകാരികവും ആധുനികവുമാക്കാൻ മാദ്ധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.
* വിദ്യാർത്ഥി - അദ്ധ്യാപക - രക്ഷകർതൃബന്ധങ്ങൾ ശക്തിപ്പെടുത്തൽ

* കുട്ടികളെ നിരന്തരം വിലയിരുത്തി അവരിലെ കഴിവുകളും, കുറവുകളും തിരിച്ചറിഞ്ഞു ആവശ്യമായ പ്രോത്സാഹനം നൽകുക.
* സാഹിത്യ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്താൻ സെമിനാറുകളോ ക്ലാസുകളോ/ചർച്ചകളോ സംഘടിപ്പിക്കൽ/കലാകാരന്മാരുടെ സംസ്കൃത പണ്ഡിതരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ

## ദീർഘ കാലാടിസ്ഥാനത്തിൽ ഈ അദ്ധ്യയനവർഷം നടത്താവുന്ന പ്രവർത്തനങ്ങൾ

* പൂർവ്വ വിദ്യാർത്ഥി - പൂർവ്വ അദ്ധ്യാപക സംഘടന രൂപീകരിക്കൽ
* സർഗ്ഗാത്മകതയും, കലാമേന്മയും പരിപോഷിപ്പിക്കൽ
* പരിശീലനങ്ങൾ കോഴ്സുകൾ /സെമിനാറുകൾ /പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക (തൊഴിൽ ലഭ്യത ബോധ്യപ്പെടുത്തുന്നതിനായി)
* മേളകളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കൽ
* ആരോഗ്യ - കായിക മികവിനായി പരിശീലനങ്ങൾ /മത്സരങ്ങൾ സംഘടിപ്പിക്കുക, കൃഷിയുമായി ബന്ധപ്പെട്ട കോഴ്സുകൾ സംഘടിപ്പിക്കുക.

# അക്കാദമിക് മാസ്റ്റർ പ്ളാൻ
# സംസ്കൃതം

## ആമുഖം

പ്രാചീനലോക സംസ്കാരങ്ങളിൽ അദ്വിതീയമെന്നു കരുതിപോകുന്ന സംസ്കാരം വരും തലമുറയ്ക്കു പകർന്നു നല്കുന്നതിനായി തിരുവിതാംകൂർ മഹാരാജാവിനാൽ സ്ഥാപിതമായ സ്കൂളാണ് ഇത്. പ്രതിഭാധനന്മാരെ ജീവിതത്തിൻറെ വിവിധ മേഖലകളിൽ ഉന്നതശീർഷന്മാരാക്കി മാറ്റിയ വിദ്യാലയം ശതാബ്ദിയുടെ നിറവിലാണ്.

രാജകീയ പ്രൗഡിയുണ്ടായിരുന്നതും തിരുവനന്തപുരം ജില്ലയിലെ ഏക 'ഓറിയെന്റൽ' (സംസ്കൃതം പ്രഥമ വിഷയമായി പഠിപ്പിക്കുന്ന) വിദ്യാലയവുമാണിത്. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന ഈ വിദ്യാലയം ഇന്ന് പരാധീനതകളുടെ നടുവിലാണ് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായിരിക്കുന്ന കുറവാണ് പ്രഥമ പ്രശ്നം. തൊഴിൽ നേടുന്നതിനുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസമെന്ന വികലധാരണ, അക്കാദമിക വിദ്യാഭ്യാസത്തെ സാരമായി ക്ലേശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഈ ചിന്താഗതി സംസ്കൃത ഭാഷാ പഠനത്തേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. സംസ്കൃത ഭാഷാ പഠനം അതിവ ക്ലേശകരവും ഭാഷ നിർജ്ജീവവുമാണന്ന പ്രചരണവും ഭാഷാ പഠനതൽപ്പരരെ പിൻമാറ്റത്തിനു പ്രേരിപ്പിച്ചു.

ഇങ്ങനെയുള്ള തെറ്റിദ്ധാരണകളും,കുപ്രചരണങ്ങളും തിരുത്തപ്പെടുന്നതിലൂടെ മാത്രമേ വിജ്ഞാനവും വിദ്യാലയങ്ങളും വിജയിക്കുകയുള്ളൂ. വിദ്യാഭ്യാസം എന്നത് കേവലം തൊഴിലിനുള്ള ഉപാധി മാത്രമല്ല എന്നും, അത് ഒരു വ്യക്തിയുടെ സമ്പൂർണ വികാസത്തിന്റെ അടിത്തറയാണെന്നുമുള്ള കാഴ്ചപ്പാട് വന്നാൽ മാത്രമേ വിദ്യ മാനിക്കപ്പെടൂ. ആർഷവിജ്ഞാനം ഖനീഭവിച്ചു കിടക്കുന്നത് സംസ്കൃതഭാഷയിലാണല്ലോ! ഭാഷാ കാഠിന്യത്തെക്കുറിച്ചാണെങ്കിൽ മലയാളി ഉച്ചരിക്കുന്നതിലധികവും സംസ്കൃതമാണ്. ഒന്നു ശ്രമിച്ചാൽ അനായാസം ഹൃദിസ്ഥമാക്കാവുന്ന ഭാഷയാണ് സംസ്കൃതം.

സമൂഹം വച്ചുപുലർത്തുന്ന അബദ്ധ ധാരണകൾക്ക് കഴമ്പില്ലെന്ന് ബോധ്യപ്പെടുത്താൻ വിദ്യാലയങ്ങളും, അധ്യാപകരും ഉണർന്നു പ്രവർത്തിക്കണം. ആയുർവേദം, വാസ്തുശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം എന്നി ഞാഴിൽദായക ഗവേഷണ സാധ്യതാ വിഷയങ്ങളിൽ തൊഴിൽ സാദ്ധ്യത സൃഷ്ടിക്കാനുള്ള കോഴ്സുകൾ രൂപകല്പനചെയ്ത് പഠിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കണം

- സംസ്കൃതവുമായികൂടുതൽ പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക്, ചെറുകവിതകളും കഥകളും ഉൾപ്പെടുന്ന പുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ നൽകണം.
- സംസ്കൃത ക്ലബ് രൂപീകരിച്ച് കഥകളും കവിതകളും അവതരിപ്പിക്കണം.
- ആഴ്ചയിൽ ഒരുദിവസമെങ്കിലും സംസ്കൃതത്തിൽ അസംബ്ലി നടത്തണം.

- പഠിക്കാനായി പിന്നോട്ട് നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഭാഷയോട് കൂടുതൽ അടുപ്പം ഉണ്ടാകാൻ പഠനസഹായികൾ (വയനാശീലം, എഴുത്തു പരിശീലനം, ചിത്രപരിചയം, ചാർട്ട് പേപ്പറുകൾ, ദൃശ്യ പരിപാടികൾ) കൂടുതൽ ഉപയോഗപ്പെടുത്തണം.
- സംസ്കൃതദിനാചരണത്തിൽ വിദ്യാർത്ഥികളെ കൊണ്ട് അക്ഷരശ്ലോകങ്ങൾ ചൊല്ലിക്കണം.
- രാമായണദിനചാരണത്തിൽ ക്വിസ്സ്മത്സരങ്ങൾ നടത്തുകയും വിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനവിതരണം നടത്തണം.
- പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ദിവസവും അഞ്ചിൽ കുറയാതെ വാക്കുകളും അവയുടെ അർത്ഥങ്ങളും പഠിക്കാനായി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം.
- വിദ്യാർത്ഥികളിൽ ഭാഷമെച്ചപ്പെടുത്തുന്നതിനായി ചെറുരീതിയിൽ സംഭാഷണങ്ങൾ തയ്യാറാക്കി പരസ്പരം സംസാരിപ്പിക്കണം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രി ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ | ജൂൺ- ഓഗസ്ററ് | പുസ്തകങ്ങൾ ചിത്രങ്ങൾ | PTA അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 3. ചിഹ്നം ഉറപ്പിക്കാൻ<br><br>4. അക്ഷര കാർഡ് നൽകൽ<br><br>5. വാക്കുകൾ എഴുതിയ കാർഡ്<br><br>6. വാക്യങ്ങൾ നിർമ്മിക്കൽ<br><br>7. ചിത്രം-അടിക്കുറിപ്പ്<br><br>8. ചിത്രം- കഥ എഴുതൽ<br><br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രതേകം ക്ളാസ് | | | |
| 2. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം സംസ്കൃത ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക | 1. വായിക്കാം വളരാം<br><br>*നിലവാര പഠനം<br><br>* വിശകലനം<br><br>*. തുടർ വായന | ജൂലൈ-സെപ്റ്റംബർ | ഇന്റർനെറ്റ്, കമ്പ്യൂട്ടർ ക്ലാസ്സ്. ലൈബ്രറി. | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>4. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ആശയ വിവരണം<br>സംസ്കൃതത്തിൽ സംസാരിക്കാം<br><br>മെറ്റീരിയൽ ശേഖരിക്കുക<br><br>* കേൾക്കാം<br><br>പറയാം<br>*എഴുത്തുകൂട്ടം രൂപീകരണം<br><br>*പുസ്തക ചർച്ച<br><br><br><br><br><br><br><br>* വായനകുറിപ്പ്<br><br>പതിപ്പ്<br><br>*വ്യക്തിഗത രചന<br><br>*സംഘ രചന | ഓഗസ്റ്റ് ഒക്ടോബർ<br><br><br><br><br><br><br><br><br><br><br><br><br><br><br><br>6 മാസം | സംസ്കൃതം കഥാപുസ്തകം ICT<br><br><br><br><br><br><br><br><br><br><br><br><br>പുസ്തങ്ങൾ ഫോട്ടോകൾ | അധ്യാപകർ<br><br><br><br><br><br><br><br><br><br><br><br>അധ്യാപകർ |
| 5മത്സര പരീക്ഷക്ക് | . ആനുകാലിക വിഷയങ്ങൾ | | | |

| | | | | |
|---|---|---|---|---|
| തയ്യാറാക്കൽ | വായിക്കാൻ നൽകുന്നു. . എല്ലാ മാസവും ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br><br>* മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | ജൂൺ- മാർച്ച് | ക്ളാസ് റൂം | അധ്യാപകർ |
| 6.സദസ്സിനെ അഭിമുഖീകരിക്കാൻ തയ്യാറാക്കൽ<br><br>7. പ്രതിഭകളെ കണ്ടെത്തൽ | പ്രസംഗ പരിശീലനം വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക<br><br>പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. | 6 മാസം<br><br>(ജൂലൈ - ഡിസംബർ )<br><br>ജൂലൈ- ആഗസ്ത് | ഓഡിയോ<br><br>വീഡിയോ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | സംസ്കൃതോ ത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്ന | | സ്റ്റേജ് | അധ്യാപകർ |

# ACADEMIC MASTER PLAN

# U.P ENGLISH

# 2025 –2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 .ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | ***Follow me if you can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു.<br>***One Man Show**<br>ആശയങ്ങൾ നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിനു പ്രോത്സാഹനം നല്കുന്നു.<br><br>***Lend your ear**<br>ലളിതവും രസകരവുമായ പോഡ്കാസ്റ്റുകൾ കേൾപ്പിക്കുന്നു.ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br><br>***One Man Show**<br>**ആശയങ്ങൾ നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിനു പ്രോത്സാഹനം നല്കുന്നു.** | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപിക. | |

| | | | | |
|---|---|---|---|---|
| | ***E –Cube english**<br>കഥകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും LSRW നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>.<br>***Thought of the day**<br>**ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചോ ദിനാചരണങ്ങളുടെ ഭാഗമായോ ഇംഗ്ലീഷിൽ അവതരണം നടത്തുന്നു** | ആഴ്ചയിൽ ഒരു ദിവസം.<br>ഇംഗ്ലീഷ് അസംബ്ലികളിൽ | ഇംഗ്ലീഷ് അദ്ധ്യാപിക | |
| 2 .ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | ***I Too Can**<br>വ്യത്യസ്ത തലങ്ങളിലെ വായന കാർഡുകൾ ക്രമീകരിക്കുന്നു.തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു.<br>***Word Ladder**<br>പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത വാക്കുകൾ ഉപയോഗിച്ച് വാക്കുകൾ ബോർഡിൽ എഴുതുന്നു.ഒരു വാക്കിന്റെ അവസാനത്തെ അക്ഷരത്തിൽ തുടങ്ങുന്ന വാക്ക് എഴുതി word ladder പൂർത്തിയാക്കാൻ അവസരം നൽകുന്നു.ആദ്യം പൂർത്തിയാക്കുന്നവർ വിജയികളാകുന്നു.<br>***Reader of The Month**<br>ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകുന്നു.നന്നായി വായിക്കുന്ന കുട്ടിയെ reader of the month ആയി തെരഞ്ഞെടുക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം<br>ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ<br>മാസം തോറും | ഇംഗ്ലീഷ് അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| 3 .ഇംഗ്ലീഷ് തെറ്റുകൂടാതെ എഴുതാൻ പ്രാപ്തരാക്കുന്നു. | ***Alert Zone**<br>സൂചനാ ബോർഡുകൾ ,പോസ്റ്ററുകൾ ,നോട്ടീസ് എന്നിവ സ്കൂൾ പരിസരങ്ങളിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു.<br>***Run Baby Run**<br>ചാർട്ട് / ബോർഡ് ഇൽ പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം തെറ്റുകൂടാതെ മറ്റൊരു ചാർട്ടിലേയ്ക്ക് പകർത്തുന്നു.കൂടുതൽ വാക്കുകൾ ശരിയായി എഴുതിയവർക്ക് സമ്മാനം നൽകുന്നു.<br>***Fun Time**<br>english riddles ,language games ,puzzles എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു .<br>**My Droplets**<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ ,മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | ദിനാചരണങ്ങളിൽ<br><br>ഫെബ്രുവരി<br><br>ഇംഗ്ലീഷ് പീരിഡുകളിൽ വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപിക | |
| 4 .ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള അദ്ധ്യാപകർ ,രക്ഷിതാക്കൾ,പൂർവ്വവിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.story telling ,story writing ,roleplay ,speech ,recitation എന്നിവ നടത്തുന്നു.കൂടാതെ film ,documentory എന്നിവ പ്രദർശിപ്പിക്കുന്നു .<br>***Let,s Read**<br>**ഇംഗ്ലീഷിലുള്ള പുസ്തകങ്ങൾ,മാഗസിനുകൾ,എന്നിവ വായിച്ച** | വർഷാവസാനം | | ഇംഗ്ലീഷ് അദ്ധ്യാപിക ,PTA ,രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | **കുറിപ്പുകൾ രേഖപ്പെടുത്തുക.** | ലൈബ്രറി പീരിഡുകളിൽ | | |
| 5. ഇംഗ്ലീഷ് ഭാഷയുടെ വികാസത്തിനായി ടെക്നോളജിയുടെ സാദ്ധ്യതകൾ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക | ***ICT**<br>**പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,ഓഡിയോകൾ,വിഡിയോകൾ എന്നിവ ICT യുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു.** | ഇംഗ്ലീഷ് പീരിഡുകളിൽ | | |
| | | | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**2025 – 26**

# ഇംഗ്ലീഷ്(HS)

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം /വിശദാംശം | ക്ലാസ് |
|---|---|---|---|
| 1. | Story Time | ഒരു മാസത്തിലെ 2,4 വെള്ളിയാഴ്ചകളെ ഇംഗ്ലീഷ് ഡേ ആയി മാറുന്നു<br>2 പീരിഡുകൾ ഒന്നിച്ച് ഇതിനായി മാറുന്നു.<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കഥാഭാഗങ്ങൾ കത്തെൽ<br>• അവതരണത്തിന് വ്യത്യസ്തതന്ത്രങ്ങൾ<br>• നടകീകരണം<br>• അവതരണം | 8 മുതൽ 10 വരെ |

| | | | |
|---|---|---|---|
| 2 | Public Speaking | ആഡിയോ/വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽകുക.അവതരണം | |
| 3 | Drama & Theatre | STD Rain of Love<br>Life with Grand Father<br>Script Writing<br>Events 1- 5 are fired<br>Where each event takes place<br>Fixing the characters<br>Writing suitable dialogues<br>Mentioning, the entry, exist, positions<br>Moments and actions of each characters<br>Mention costumes and properties<br>Asses the script<br>Indicators<br>Aptness of dialogues<br>Dialogue delivery<br>Stage sense<br>Appropriate use of properties | 8 മുതൽ 10 വരെ |
| 4 | Cinema & Documentary | | |

| | | | |
|---|---|---|---|
| 5. | Choreography | ഒരു വർഷം അവധി ദിനങ്ങളിൽ | 8 മുതൽ 10 വരെ |
| 6. | Young talents<br>• Drama Camp<br>• News Reading<br>• Recitation<br>• Speech<br>• English Assembly | ICT is used<br>മാസത്തിൽ ഒന്നുവീതം | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**ഹിന്ദി**

സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്ന കുട്ടികൾ അഞ്ചാം ക്ലാസ്സ് മുതലാണ് ഹിന്ദി ഭാഷ പഠിച്ച തുടങ്ങുന്നത് .പഠിക്കുന്ന പാഠങ്ങളാകട്ടെ എണ്ണത്തിൽ കൂടുതലുമാണ് .വളരെ വേഗം തന്നെ എടുത്തു പരീക്ഷയെ അഭിമുഖീകരിക്കേണ്ടതായിവരികയും ചെയ്യുന്നു. പഠിത്തത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികൾ എങ്ങനെയും പഠിച്ചെടുക്കും.പക്ഷേ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഹിന്ദി ഒരു ഭാരമായി മാറുകയും ചെയ്യും .പത്തിൽ എത്തിയാലും പല കുട്ടികൾക്കും ഹിന്ദി ഭാഷ നന്നായി കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു.നമ്മുടെ സ്കൂളുകളിൽ ഹിന്ദി മൂന്നാം ഭാഷയായാണ് പഠിക്കുന്നത് .ഹിന്ദി നമ്മുടെ മാതൃഭാഷ അല്ലാത്തതിനാൽ ഈ ഭാഷ കുട്ടികൾക്ക് കൂടുതൽ പരിചിതമാകാനുള്ള സാഹചര്യം ഒരുക്കികൊടുക്കേണ്ടതുണ്ട് .

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികളും ഹിന്ദി എഴുതാനും,വായിക്കാനും പഠിക്കണം.
- ഹൈ സ്കൂളിൽ എത്തുന്ന കുട്ടിക്ക് ഹിന്ദി വായിക്കാനോ എഴുതാനോ,ആശയം പ്രകടമാക്കാനോ യാതൊരു ബുദ്ധിമുട്ടും ഉണ്ടാവരുത്.
- പാഠപുസ്തകത്തിൽ പറയുന്ന പ്രവർത്തനങ്ങൾ സ്വന്തമായി ചെയ്യുവാനുള്ള ശേഷി നേടിയിരിക്കണം.അത് കൂടാതെ മറ്റ് പുസ്തകങ്ങൾ വായിക്കുകയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും വേണം
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## • യു.പി തലം

| • ലക്ഷ്യങ്ങൾ | • പ്രവർത്തനങ്ങൾ | • കാലം | • ചുമതല |
|---|---|---|---|
| • പ്രീ ടെസ്റ്റ് | • ഹിന്ദിയിൽ കുട്ടികളുടെ നിലവാരം (വായന,ആശയഗ്രഹണം,എഴുത്ത് )അറിയുന്നതിന് 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ജൂൺ ആദ്യവാരം ഒരു പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ | ഹിന്ദി അധ്യാപകർ |
| • അക്ഷരം, ചിഹ്നം തുടങ്ങിയവ \| തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>• അക്ഷരങ്ങൾ എഴുതാനും വായിക്കാനും<br>• കണ്ടെത്താനും പഠിപ്പിക്കുന്നു. | • ഹിന്ദി സ്വരാക്ഷരങ്ങൾ,വ്യഞ്ജനാക്ഷരങ്ങൾ,അടയാളങ്ങൾ,കൂട്ടക്ഷരങ്ങൾ എന്നിവ ഐസിടി സഹായത്തോടെ കാണിച്ചും,ഉച്ചാരണം കേൾപ്പിച്ചും,കുട്ടികളെക്കൊണ്ട് പറയിപ്പിച്ചുമൊക്കെ പഠിപ്പിക്കുക<br>• സ്വരാക്ഷരങ്ങൾ,വ്യഞ്ജനാക്ഷരങ്ങൾ,അടയാളങ്ങൾ,കൂട്ടക്ഷരങ്ങ | ജൂൺ-ജൂലൈ | |

| | | | |
|---|---|---|---|
| • സ്വന്തം പേര് ഹിന്ദിയിലെഴുതുന്നു | ൾ എന്നിവ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കാൻ പ്രേരിപ്പിക്കുക.<br><br>• അക്ഷരപ്പെട്ടി അക്ഷരപ്പെട്ടി എന്ന ആശയം പ്രാവർത്തികമാക്കുന്നു (ഒരു പെട്ടിക്കകത്ത് അക്ഷരങ്ങളും അടയാളങ്ങളും രൂപങ്ങളാക്കി നിറച്ചിട്ടുണ്ടാവും,അവയിൽ നിന്ന് ആവശ്യമുള്ള അക്ഷരങ്ങളും അടയാളങ്ങളും തിരഞ്ഞെടുത്ത് വാക്കുകൾ നിർമ്മിക്കുക എന്ന പ്രവർത്തനം. | | |
| ആഴ്ച്ചകൾ,സംഖ്യകൾ,മൃഗങ്ങൾ, പക്ഷികൾ,പച്ചക്കറികൾ,പൂക്കൾ,ശരീരത്തിലെ അവയവങ്ങൾ,വൃക്ഷങ്ങൾ തുടങ്ങി പരിചിതമായവ തിരിച്ചറിയുവാനും,അവയുടെ വാക്കുകൾ എഴുതാനും പഠിക്കുന്നു | ഫ്ലാഷ് കാർഡ്, ചാർട്ടുകൾ,ചിത്രങ്ങൾ,ഐസിടി എന്നിവയുടെ സഹായത്തോടെ ഇവ തിരിച്ചറിയുകയും,ഉച്ചാരണം പഠിക്കുകയും എഴുതുകയും ചെയ്യുന്നു. പഠിച്ചവ ഉറപ്പിക്കാൻ | ഓഗസ്ററ് മുതൽ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| | കേട്ടെഴുത്ത്,വിവിധ കളികൾ എന്നിവ സംഘടിപ്പിക്കുന്നു. | | |
| ഹിന്ദി വായിക്കുവാനും,ചെറിയ ചെറിയ പ്രവർത്തനങ്ങൾ ചെയ്യുവാനും പഠിപ്പിക്കുന്നു.<br>ഹിന്ദിയിൽ ചെറിയ രീതിയിലെങ്കിലും ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുന്നു. | കേട്ടെഴുത്ത്,പദസൂര്യൻ,ചോദ്യോത്തര ങ്ങൾസ്വയം കണ്ടെത്തിയെഴുതുക എന്നീ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു .<br>ചിത്രകഥകൾ,വായന കാർഡുകൾ ,ചിത്രകഥകൾ,കാർട്ടൂണുക ൾ  എന്നിവ വായിക്കാൻ നൽകുന്നു.z | അധ്യയന വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |
| പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ചെയ്യുവാനും,പരീക്ഷാ ചോദ്യപേപ്പർ സ്വയം വായിച്ചു മനസ്സിലാക്കി പ്രവർത്തങ്ങൾ ചെയ്യാനും പ്രാപ്തരാക്കുക<br><br>യു പി തലത്തിൽ  പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട<br><br>പിൻതുണ നൽകി മുൻ നിരയിൽ എത്തിക്കുന്നു. | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ നിരന്തരം വായിപ്പിച്ചും,പ്രവർത്തനങ്ങൾ ചെയ്യിച്ചും,മുൻകാല ചോദ്യപേപ്പറുകൾ പരിചയപ്പെടുത്തിയും,പ്രവർത്തനങ്ങൾ ചെയ്യിച്ചും പ്രാപ്തരാക്കുന്നു. | പരീക്ഷകൾക്ക് മുന്നേയുള്ള മാസങ്ങൾ,<br>• ജൂലൈ, ഓഗസ്റ്റ്<br>• ഒക്ടോബർ, നവംബർ ഡിസംബർ<br>• ജനവരി,ഫെബ്രുവരി, മാർച്ച് | ഹിന്ദി അധ്യാപകർ |

# ഹൈസ്കൂൾ തലം

| | | | |
|---|---|---|---|
| എച്.എസ് തലത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട പിൻതുണ നൽകി മുൻ നിരയിൽ എത്തിക്കുന്നു. | ഫ്ലാഷ്  കാർഡ്, ചാർട്ടുകൾ,ചിത്രങ്ങൾ,ഐസിടി എന്നിവയുടെ സഹായത്തോടെ അക്ഷരങ്ങൾ | അധ്യയന വർഷം മുഴുവൻ അധിക സമയങ്ങൾ ലഭിക്കുമ്പോൾ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| | തിരിച്ചറിയുകയും,ഉച്ചാരണം പഠിക്കുകയും എഴുതുകയും ചെയ്യുന്നു. പഠിച്ചവ ഉറപ്പിക്കാൻ കേട്ടെഴുത്ത്,വിവിധ കളികൾ എന്നിവ സംഘടിപ്പിക്കുന്നു.വാക്കുകൾ, വാക്യങ്ങൾ എന്നിവ വ്യക്തമായി പഠിച്ചും,എഴുതിയും ഉറപ്പാക്കുന്നു.<br><br>ഹിന്ദി മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്ന കുട്ടികളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. | | |
| 100 വരെയുള്ള സംഖ്യകൾ ,മാസങ്ങൾ,വർഷങ്ങൾ ,എന്നിവ ഹിന്ദിയിൽ എഴുതുന്നു | ചാർട്ട്,ഐസിടി എന്നിവ ഉപയോഗിച്ച് പഠിപ്പിക്കുന്നു<br>ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ഡിസംബർ ജനവരി മാസങ്ങൾ കൊണ്ട് പൂർത്തിയാക്കുന്നു | ഹിന്ദി അധ്യാപകർ |
| ഡയറി,പോസ്റ്റർ,ലെറ്റർ,സംഭാഷണം,കഥയെ തിരക്കഥയായി മാറ്റുക,നാടകം വേദിയിൽ അവതരിപ്പിക്കുക . തുടങ്ങി പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ഭംഗിയായി ചെയ്യുവാൻ തയ്യാറെടുപ്പിക്കുക | ഇവയുടെ മോഡൽ ഐസിടി സഹായത്തോടെ പരിചയപ്പെടുത്തുന്നു. കുട്ടികളുടെ ഉൽപ്പന്നങ്ങളിൽ തെറ്റുകൾ തിരുത്താൻ പരിശീലനം നൽകുന്നു. | അധ്യയന വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |
| നാമം, സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു.<br><br>ചെറിയ ചെറിയ മുദ്രാവാക്യ ങ്ങൾ | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു. | അധ്യയന വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| എഴുതുവാനറിയുന്ന | | | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടു ത്തുക, . സാഹിത്യാഭിരുചി വളർത്തു ക, എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തുതക ളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു | ഹിന്ദിവാരാഘോഷ സമ യത്ത് ഹിന്ദിയിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വിവിധ പരിപാടികൾ,മത്സരങ്ങൾ മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | | ഹിന്ദി അധ്യാപകർ |

## മറ്റു പ്രവർത്തനങ്ങൾ.

- നെയിം ബോർഡുകളിലെല്ലാം ഹിന്ദിയിലും

സ്കൂളിൽ പ്രദർശിപ്പിക്കുന്ന നെയിം ബോർഡുകളിലെല്ലാം ഹിന്ദിയിലും എഴുതി പ്രദർശിപ്പിക്കണം.

- ഒരു വാക്കിലൂടെ 4 ഭാഷ

ആഴ്ചയിൽ കഴിയുന്നതത്ര ദിവസങ്ങളിൽ കുട്ടികൾക്ക് ഓരോ വാക്ക് വീതം നൽകി, അതുപയോഗിച്ചുള്ള ഒരു വാക്യവും എഴുതിക്കുന്നു.ഇതേ വാക്യത്തെ മലയാളം,ഇംഗ്ലീഷ്,സംസ്കൃതം എന്നിവയിലേക്കും മാറ്റി എഴുതുന്നു

- ഹിന്ദി അസ്സെംബ്ലി

സ്കൂളിൽ മാസത്തിൽ ഒരു ഹിന്ദി അസംബ്ലി എങ്കിലും സംഘടിപ്പിക്കുന്നു

- ഹിന്ദി വാർത്ത

  എല്ലാ ദിവസവും ഒരു ഹിന്ദി വർത്തയെങ്കിലും കുട്ടികളെക്കൊണ്ട് വായിപ്പിക്കണം.

- പ്രമുഖ വ്യക്തികളുടെ ഹിന്ദി വചനങ്ങൾ എന്നിവ വായിപ്പിക്കണം.

- ദിനാചരണങ്ങളിൽ ഹിന്ദി

  എല്ലാ ദിനാചരണങ്ങളിലും ഹിന്ദിയും ഉൾപ്പെടുത്തുന്നു (പോസ്റ്റർ രചനപോലുള്ള പ്രവർത്തനങ്ങളിൽ

- ഹിന്ദിയിൽ ആശയവിനിമയം

  ഹിന്ദി ക്ലാസ്സിൽ പരമാവധി ഹിന്ദിയിൽ ആശയവിനിമയം നടത്താൻ ശ്രമിക്കുന്നു ...

- ഹിന്ദി കയ്യെഴുത്തു മാസിക

  വർഷാവസാനം കുട്ടികളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു കൈ എഴുത്തു മാസിക തയ്യാറാക്കുന്നു.

- ഹിന്ദി മത്സരങ്ങൾ
  ക്ലാസ്സുകളിൽ ഹിന്ദി കേട്ടെഴുത്ത് മത്സരം,കയ്യെഴുത്ത് മത്സരം
  കവിതചൊല്ലൽ,കവിത രചന,കഥ പറയുക, എഴുതുക എന്നിവ നടത്തുന്നു.
- ഭാഷാ ലാബ് (സ്കൂളിൽ പ്രാവർത്തികമാക്കാൻ കഴിയുമ്പോൾ )
- കുട്ടികളിൽ ശരിയായ ഭാഷാ പ്രയോഗം വളർത്തിയെടുക്കാൻ ഭാഷാ ലാബുകൾ വളരെ പ്രയോജനപ്പെടുന്നുണ്ട്.ഈ രീതിയിൽ കമ്പ്യൂട്ടർ, ഹെഡ്ഫോൺ എന്നിവയുടെ സഹായത്താൽ ഹിന്ദി ഭാഷ കേൾപ്പിക്കുകയും അതിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുകയും ഒക്കെ ചെയ്യുന്നതിലൂടെ കുട്ടികൾക്ക് ഹിന്ദി ഭാഷ കൂടുതൽ പരിചിതമാകുന്നു.
- കൂടാതെ ഓരോ ക്ലാസ്സിലും ഓരോ മാസവും പഠിപ്പിക്കുന്ന പാഠങ്ങൾക്ക് അനുസരിച്ചുള്ള മറ്റു പ്രവർത്തനങ്ങൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സയൻസ്(UP)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | **നിരീക്ഷിച്ചറിയൽ**<br>*സ്കൂൾ, ക്ലാസ് പച്ചക്കറിത്തോട്ടങ്ങൾ വംശനാശഭീഷണി നേരിടുന്ന സസ്യ ജന്തു ജീവജാലങ്ങളെ I C T യുടെ സഹായത്തോടെയും നിരീക്ഷണത്തിലും മനസിലാക്കി ജൈവവൈവിധ്യ രെജിസ്റ്റർ ക്ലാസ് തലത്തിൽ നിർമ്മാണം<br><br>*കണ്ടൽക്കാട് ,കാവുകൾ എന്നിവയെകുറിച്ച് ഐസിടി യുടെ സഹായത്തോടെ മനസിലാക്കുന്നു<br><br>**പരീക്ഷണ കളരി** | അക്കാദമിക വര്ഷം<br><br>ജൂൺ<br><br>ജൂലൈ | *ശാസ്ത്രാദ്ധ്യാപകർ<br>*സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| 2. ശാസ്ത്ര പരീക്ഷണങ്ങൾ | *യു പി ക്ലാസ്സിലെ കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ടു കൈകാര്യം ചെയ്യാൻ സാധിക്കുന്ന ക്ലാസ്സ്‌റൂം പരീക്ഷണങ്ങൾ<br><br>*നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുള്ള ലഘുപരീക്ഷണങ്ങൾ<br>*പരീക്ഷണ കിറ്റ് നിർമ്മാണം<br><br>**വിസ്മയ ചുമർ**<br>*ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ, അറിവുകൾ ,പേപ്പർ കട്ടിങ് എന്നിവ ഉൾപ്പെടുത്തിയ ശാസ്ത്ര വിസ്മയ ചുമർ | അക്കാദമിക വര്ഷം<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ | |
| 3.ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | *ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർധിപ്പിക്കുക<br><br>*സയൻസ് ലാബ് സന്ദർശനം<br>ശാസ്ത്രഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള പരിശീലനം<br><br>*ശാസ്ത്രഉപകരണ പടം വരയ്ക്കൽ<br><br>*വിവിധ ശാസ്ത്ര ആശയങ്ങൾ ഉൾപ്പെടുത്തി ചാർട്ടുകൾ, പോസ്റ്ററുകൾ എന്നിവയുടെ നിർമ്മാണം<br><br>*ഐസിടി യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ ശാസ്ത്രജ്ഞരുടെ ജീവചരിത്രം കണ്ടുപിടിത്തങ്ങൾ എന്നിവ കുട്ടികളിലേക്ക് എത്തിക്കുന്നു | അക്കാദമിക വര്ഷം<br><br>ഒക്ടോബർ<br><br>നവംബർ | *ശാസ്ത്രാദ്ധ്യാപകർ<br>*സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| 4.ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ,ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തൽ<br><br>5.ശാസ്ത്രപുസ്തകം<br>ശാസ്ത്രദിനാചരണങ്ങൾ | *ശാസ്ത്രപുസ്തകം ക്ലാസ്സ്തലത്തിൽ നിർമിക്കുന്നു<br><br>*ശാസ്ത്രദിനാചരണങ്ങൾ കുട്ടികളുടെ സമഗ്രമായ ഇടപെടലോടെ ആചരിക്കുന്നു | അക്കാദമിക വര്ഷം<br><br>ഡിസംബർ<br><br>ജനവരി | *ശാസ്ത്രാദ്ധ്യാപകർ<br>*സയൻസ് ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഹൈസ്കൂൾ വിഭാഗം - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) **പ്രി ടെസ്റ്റ്** | മുൻ ക്ലാസ്സുകളിൽ ലഭിക്കേണ്ട ശാസ്ത്ര ആശയങ്ങൾ നേടിയിട്ടുണ്ടോ എന്ന് മനസ്സിലാക്കുന്നതിന് അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി ടെസ്റ്റ് നടത്തുന്നു | ജൂൺ | സയൻസ് അധ്യാപിക | - |
| **2)സയൻസ് കോർണർ :**<br><br>കുട്ടികളിൽ ശാസ്ത്രതാല്പര്യം വളർത്തുക | ശാസ്ത്ര പുസ്തകങ്ങൾ മാഗസിനുകൾ കൃഷി സംബന്ധമായ മാഗസിനുകൾ ശാസ്ത്രജ്ഞരുടെ ജീവചരിത്രം എന്നിവ വായിക്കുന്നതിനുള്ള അവസരം സയൻസ് ലാബിൽ ശാസ്ത്ര ലൈബ്രറി സജീകരിക്കുന്നു<br><br>ലക്ഷ്യം : ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. | ജൂലൈ | സയൻസ് ക്ലബ്ബ് | - |
| 3) **അത്ഭുത കണ്ണിലൂടെ**:<br><br>കൗതുകം, ജിഞ്ജാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.<br><br>ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br><br>മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യ ങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം.<br><br>ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | ജൂൺ - ഡിസംബർ<br><br>അക്കാദമിക വർഷം 1 തവണ<br><br>അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപിക<br><br>സയൻസ് ക്ലബ്ബ് | പി ടി എ<br><br>- |

| | | | | |
|---|---|---|---|---|
| **4) ലഹരി വിമുക്ത ക്യാമ്പസ്** | ലഹരിവിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ,<br><br>ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച വിദഗ്ദരുടെ ക്ളാസ്സുകൾ | അക്കാദമിക വർഷം | അധ്യാപകർ | - |
| **4) ശാസ്ത്ര ലോക ത്തേക്ക്:**<br><br>നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ശാസ്ത്ര ദിനാചരണങ്ങൾ ആചരിക്കൽ<br><br>ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ.<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | - |
| **6)സ്കൂൾതല സയൻസ് എക്സിബിഷൻ** | ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാ ളിത്തം ഉറപ്പുവരുത്തുക<br><br>മേളകളിൽ പങ്കെടു ക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാ ഹനം നൽകൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പി ടി എ |
| **7) ഹൈടെക് വേൾഡ്:**<br><br>മാനവികതയിൽ ഊന്നി യുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br><br>സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | പി ടി എ |

| | | | | |
|---|---|---|---|---|
| **8) ആയുർരേഖ:**<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. പൂന്തോട്ടനിർമ്മാണം<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്, ഹരിത സേന, സീഡ് | കൃഷി വകുപ്പ് സയൻസ് ക്ലബ്ബ് രക്ഷിതാക്കൾ |
| **9) വൈജ്ഞാനിക ബഹിർസ്ഫുരണം:**<br><br>അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു..<br><br>ശാസ്ത്രക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| **10) പഠനയാത്രകൾ**<br><br>പ്രകൃതിപഠനയാത്രകൾ<br><br>ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | ശാസ്ത്രസാങ്കേതിക മ്യൂസിയം, മണ്ണ് സംരക്ഷണ കേന്ദ്രങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പഠനയാത്രകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | പി ടി എ |

# *അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 -2026*

## *ഗണിതം(UP)*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവഹണ ചുമതല |
|---|---|---|---|
| തുക കാണൽ , വ്യതാസം കാണൽ ,ഗുണനഫലം , ഹരണം തുടങ്ങിയ ചതുഷ്ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുന്നു | കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യം വര്ധിപ്പിക്കുവാനായി സങ്കലന വ്യവകലാനാ കാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ | ഗണിത അദ്ധ്യാപിക |
| പിന്നോക്ക നിൽക്കുന്ന കുട്ടികളിൽ ഗണിതമായ സിദ്ധാന്തരീതിയിൽ താല്പര്യം വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് ഗണിതത്തിൽ കൂടുതൽ പ്രവർത്തനം നൽകുന്നു പസിലുകൾ വിവിധ കളിക്കൽ രൂപങ്ങൾ നിർമ്മിക്കാൻ അവർ തിരിച്ചറിയും | ആഴചയിൽ ഒരു തവണ | ഗണിത അദ്ധ്യാപിക |
| ഗണിതത്തിൽ നിത്യജീവിതവുമായി ബന്ധിപ്പിച്ചു ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തി അവയെ അവഗ്രഥിക്കുക്കാനും വ്യകണിക്കാനും ഉള്ള കഴിവ് വളർത്തൽ | നിത്യജീവിതത്തിലെ ആശയങ്ങൾ ബന്ധപ്പെടുത്തി ഉള്ള പ്രവർത്തനങ്ങൾ കടയിൽ നിന്ന് സാധനങ്ങൾ വങ്ങി കൂട്ടാനും കുറക്കാനും ഉള്ള പ്രവർത്തങ്ങൾ ,വില്ല വിവര പട്ടിക നീരീക്ഷിക്കൽ | ജൂൺ മുതൽ ജനവരി | ഗണിത അദ്ധ്യാപിക |
| രസകരമായ | കുസൃതികണക്കുക്കൾ കണക്കിലെ കളിക്കൽ | മാസത്തിൽ ഒരു തവണ | ഗണിത അദ്ധ്യാപിക |

| | | | |
|---|---|---|---|
| ഗണിതപഠനശേഷികളുടെവി കാസം | ശേഖരണം ജമാതികളുടെ രൂപങ്ങളുടെ നിർമാണം | | |
| ഗണിതമത്സര വേദികളിലും ,മേളകളിലും ഉർജ്ജസുലതാ കൈവരിക്കാൻ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ ,വിദ്യര്ത്ഥികളെ മത്സരങ്ങക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒരു തവണ | ഗണിത അദ്ധ്യാപിക ഗണിതക്ലബ് |
| വിവിധ ശേഷിയുടെ വികസനം | വിവിധ ശേഷിയുടെ വികസനം ജൂൺമുതൽ മറച്ചുവരെ ഉള്ള ദിനാചരണങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ആവിശ്യനസരണം | ഗണിത അദ്ധ്യാപിക |
| ഐസിടി യുടെ ഫലപ്രതികമായ ഉപയോഗം | ജ്യാമിതമായി ബന്ധപ്പെട്ട ഭാഗങ്ങൾ പരിചയപ്പെടാനം സമാന്തരവരകൾ വിവിധ കോണകൾ തുടങ്ങിയ ഭാഗങ്ങളിൽ സത്യതകളായ ജിയോജിബ്ര ,ജെ ഫ്രാക്ഷൻ ലാബ് , എന്നിവ ഉപയോഗപ്പെടുത്താൽ | മാസത്തിൽ ഒരു തവണ | ഗണിത അദ്ധ്യാപിക |
| ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി മുഴുവനം കുട്ടികൾ മുഴുവനം നേടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക | പ്രീ ടെസ്റ്റ് , ഗണിത കിസ് ,ഗണിതമേള , ഗണിതാക്കളികൾ ,പസിലുകൾ ഗണിതത്തിലെ പിന്നോക്ക അവസ്ഥാ പരിഹരിക്കൽ | ജൂൺ മുതൽ ഫെബ്രുവരി | ഗണിത അദ്ധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഗണിതം(HS)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീ-ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ഗണിത അദ്ധ്യാപിക മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ---- |
| 2. | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിപ്പെട്ടിയുടെ ലഭ്യത ശിപ്ശാലകൾ | തുടർ പ്രവർത്തനം | അദ്ധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3. | ഗണിതത്തെ നിത്യജീവിവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോദ്ധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ PTA | അദ്ധ്യാപകർ PTA |
| 4. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പ ശാലാ, മോട്ടിവേഷൻ ക്ലാസ്, ക്ലബ് പ്രവർത്തനങ്ങൾ ഇവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അദ്ധ്യാപിക ഗണിത ക്ലബ് | ഗണിത അദ്ധ്യാപിക PTA |
| 5 | സംഘം ബോധം ഉ ാക്കൽ | സംഘ പഠനം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം | അദ്ധ്യാപിക സംഘ തലവൻ | |

| | | | | | |
|---|---|---|---|---|---|
| 6 | അദ്ധ്യാപകൻ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസുമുതലുള്ള തുടർ പഠനം സാദ്ധ്യമാക്കി, അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം, തുടങ്ങിയ പ്രവർത്തനങ്ങൾ | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം, കുട്ടികൾ കൂടാതെ മനു സ്കൂളിലെ ഗണിത അദ്ധ്യാപകരും ചേർന്ന പ്രവർത്തനം | ഗണിത അദ്ധ്യാപിക | ഗണിത ക്ലബ് | |
| 8 | ഗണിത മത്സരവേദിയിലേയ്ക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അദ്ധ്യാപിക | PTA |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിനാശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ / ജൂലൈ | ക്ലബ് സെക്രട്ടറി അദ്ധ്യാപിക പി.ഩി.എ | PTA |
| 10 | രക്ഷിതാക്കളെ | മാസത്തിൽ ഒരു PTA നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അദ്ധ്യാപകരും | അദ്ധ്യാപകർ എച്ച്.എം., പി.ഩി.എ പ്രസിഡന്റ് | സ്കൂളിലെ എല്ലാപേരും PTA |

# അക്കാദമിക മാസ്റ്റർപ്ലാൻ യു .പി സാമൂഹ്യശാസ്ത്രം
# 2025 –2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 .സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതലഅറിവുകൾ, ആശയ്ങൾ,ഇത്പരിശോധിക്കൽ,നേടിയെടുക്കൽ | **കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന അറിവപരീക്ഷിക്കുന്നതിനു ചോദ്യാവലികൾനൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| 2.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **vertual ഫീൽഡ് ട്രിപ്പ്** ഐസിടി സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു . *സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചുമർപത്രികകൾ തയ്യാറാക്കുന്നു. * സാമൂഹ്യശാസ്ത്ര ആൽബം | സാമൂഹ്യശാസ്ത്ര ക്ലാസ്സുകളിൽ | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| 3.ജനാധിപത്യപരമായ ജീവിത സമീപനംരൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേയ്ക്ക്** ഗ്രാമസഭ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത | അക്കാദമികവർഷം | സാമൂഹ്യശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ജനാധിപത്യ രീതിയുടെ അടിസ്ഥാനതലംമനസിലാക്കുന്നു | | | |
| 4.ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാദ്ധ്യതകൾ സാമൂഹ്യശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | **ICT**<br>സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വീഡിയോ,ചിത്രങ്ങൾ,ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ICT യുടെ സഹായത്തോടെ നൽകുന്നു | സാമൂഹ്യശാസ്ത്ര ക്ലാസ്സുകളിൽ | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| 5.സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക. | **SAY NO TO DRUG**<br>***ലഹരിവിരുദ്ധ ബോധവത്കരണം,പോസ്റ്റർ നിർമ്മാണം**<br>***ദിനാചരണങ്ങൾ** | ജൂൺ<br>അക്കാദമികവർഷം | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| 6.സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്കെത്തിക്കുന്നു. | *പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തരവേളകൾ,ക്ലാസുകൾ,മോക്ക്<br>ടെസ്റ്റുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| 7..സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **ഫീൽഡ് ട്രിപ് ,സർവ്വേ**<br>പരിസ്ഥിതി നാശത്തിനു കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ സ്ഥലങ്ങൾ നിരീക്ഷിച്ച വിവര | സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് | സാമൂഹ്യശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ശേഖരണം നടത്തുന്നു. | | | |
| 8. .വിവര വിനിമയ<br><br>സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുസുരക്ഷ യെക്കുറിച്ചും വിദ്യാർത്ഥികളെബോധവാന്മാരാക്കുന്നു. | **സൈബർ സുരക്ഷ**<br>**സാമൂഹ്യശാസ്**ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാഉദ്യോഗസ്ഥരുടെയും ട്രാഫിക്പോലീസിന്റെയും സഹായത്തോട്ടെട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്രാ ധ്യാപകർ | |
| 9.പഠ നോപാധികളുടെ നിർമ്മാണം | ഭൂമിശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ നിർമിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലാസ്സുകളിൽ | സാമൂഹ്യശാസ്ത്രാ ധ്യാപകർ,കുട്ടികൾ | |

# സാമൂഹ്യശാസ്ത്രം(HS)

| ക്രമ നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ആവശ്യമായ തുക കണ്ടെത്തുന്ന വിധം | ക്ലാസ് |
|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ഫെസ്റ്റ്<br>എട്ടു മുതൽ പത്തു വരെ ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൾപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>• ക്വിസ്<br>• പ്രദർശനങ്ങൾ (ശേഖരണം, മോഡൽസ്)<br>• പ്രസംഗം | IIIrd Term<br>ജനുവരി | | 8 മുതൽ 10 വരെ |

| | | | | |
|---|---|---|---|---|
| | • നാടകങ്ങൾ / സ്ക്രിപ്റ്റ് | | | |
| 2. | ഡിജിറ്റൽ ആൽബം<br>പ്രപഞ്ചം എന്ന മഹാത്ഭുതം<br>വൈവിദ്ധ്യങ്ങളുടെ ലോകം<br>യൂറോപ്പ് പരിവർത്തന പാതയിൽ<br>വ്യക്തിഗമായി ആൽബം തയ്യാറാക്കി എസ്.എസ് ക്ലബ്ബിൽ അവതരണം (അടിക്കുറിപ്പ് ഉൾപ്പെടെ) | ഹ്രസ്വകാലം | | 8 മുതൽ 10 വരെ |
| 3. | പ്രാദേശിക വിഭവ ഭൂപടനിർമ്മാണം<br>സാമൂഹ്യ ശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ<br>• വ്യക്തികൾ<br>• സ്ഥാപനങ്ങൾ<br>• സ്ഥലങ്ങൾ, മണ്ണ്<br>എന്നിവ കെ ത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ | ഹ്രസ്വകാലം | | 8 മുതൽ 10 വരെ യുള്ള ക്ലാസുകളിൽ |
| 4. | സെമിനാർ<br>സാമൂഹ്യ ശാസ്തപഠനവും, മാറ്റങ്ങളും സാമൂഹ്യ ശാസ്ത്രത്തിലെ ഉള്ളടക്കവും യഥാർത്ഥ സാമൂഹ്യ വ്യവസ്ഥയും<br>• 5 മുതൽ 10 വരെ ക്ലാസുകളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ<br>• വിഷയങ്ങൾ മുൻകൂട്ടി നൽകൽ<br>• വിവരങ്ങൾ ശേഖരിക്കൽ<br>• അവതരണം - ചർച്ച | ഹ്രസ്വകാലം | | 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ |

| | | | | |
|---|---|---|---|---|
| | • പ്രതികരണ പ്രവർത്തികളിൽ ഏർപ്പെടൽ (ICT സാദ്ധ്യത ഉപയോഗിക്കുന്നു) | | | |
| 5. | ഫീൽഡ്ട്രിപ്പ് & പഠന യാത്ര<br>• സ്ഥലം തെരെഞ്ഞെടുക്കൽ<br>• കുട്ടികളെ തെരെഞ്ഞെടുക്കൽ<br>• പി ടി എ ,ഡി ഇ ഒ എന്നിവരിൽ നിന്നും അനുവാദം വാങ്ങൽ<br>• പ്ലാനിംഗ്,നടപ്പാക്കൽ | പകുതി ദിവസം, ര ു ദിവസം എന്നിങ്ങനെ ആവശ്യാനുസരണം | 30,000/- രൂപ | 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ |

# പ്രവൃത്തി പരിചയം

**ലക്ഷ്യങ്ങൾ**

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉ ാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
* ഇതര വിഷയപഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

ക്ലേ മോഡലിംഗ്, പേപ്പർ ക്യാരിബാഗ്, സോപ്പ് നിർമ്മാണം, കളിപ്പാട്ട നിർമ്മാണം, ചോക്ക് നിർമ്മാണം, സാമ്പ്രാണിത്തിരി നിർമ്മാണം, ഫാബ്രിക് പെയിന്റിംഗ്

**നിർവ്വഹണം**

വിദഗ്ദ്ധരായ പരിശീലകരെ പുറത്ത് നിന്ന് വരുത്തി കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഒരു മാസത്തിൽ സ്കൂൾ സമയത്തിന് ശേഷം 3 മണിക്കൂർ സമയം കിട്ടത്തക്ക വിധം അല്ലെങ്കിൽ ഏതെങ്കിലും അവധി ദിവസം 3 ക്ലാസുകൾ സംഘടിപ്പിക്കും. കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന ഏതെങ്കിലും 4 വിഷയങ്ങൾ പഠിപ്പിക്കും. ദീർഘകാലത്തേയ്ക്കാണ് പദ്ധതി വിഭാന ചെയ്യുന്നത്

# കലാപരിശീലനം

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുക
* കലാഭിരുചി വളർത്തുക
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകളുടെ വളർച്ചയ്ക്ക് അവസരമൊരുക്കുക
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

ചിത്രരചനാ കളരി, നാടകക്കളരി, പ്രസംഗപരിശീലനം, മിമിക്രി, മോണോ ആക്ട് എന്നിവയ്ക്ക് വിദഗ്ദ്ധ പരിശീലനം നൽകൽ

## നിർവ്വഹണം

വിദഗ്ദ്ധരായ പരിശീലകരെ പുറത്ത് നിന്ന് വരുത്തി അവധി ദിവസങ്ങളിൽ ഹെഡ്മാസ്റ്ററുടെ/ഹെഡ്മിസ്ട്രസ്സിന്റെ സാന്നിദ്ധ്യത്തിൽ സംഘടിപ്പിക്കാം. ഇതിനായി 25000/ – രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ആരോഗ്യ – കായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

* എല്ലാകുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക.
* ആരോഗ്യ ശീലങ്ങൾ വളർത്തുക
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കുക.
* ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാദ്ധ്യതകൾ, ആരോഗ്യകായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

ചെസ്സ്, കാരം ബോർഡ്, ഷട്ടിൽ കോക്ക്, സ്കിപ്പിംഗ്, യോഗ, കരാട്ടെ, എന്നിവയ്ക്ക് പരിശീലനം നൽകുന്നു.

**നിർവ്വഹണം**

മാസത്തിൽ 2 ക്ലാസ് (അതിനായി വൈകുന്നേരം ക്ലാസ്സിന് ശേഷമുള്ള സമയം) പുറത്ത് നിന്നും പരിശീലകരെ എത്തിക്കാൻ ശ്രമിക്കും. ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പരിശീലകരുടെ ആവശ്യം വന്നാൽ 30,000/– രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## മോണിറ്ററിംഗ് രീതി

ദൈനംദിന മോണിറ്ററിംഗ് എച്ച്.എം നടത്തുന്നു. ഓരോ നൂതന പ്രവർത്തനങ്ങളുടെയും വിലയിരുത്തലിനായി വിലയിരുത്താൻ സമിതിയെ ചുമതലപ്പെടുത്തുന്നു. എച്ച്.എം., എസ്.ആർ.ജി കൺവീനർ, സീനിയർ അസിസ്റ്റന്റ് എന്നിവർ ഉൾപ്പെടുന്ന വിലയിരുത്തൽ കമ്മിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ ബന്ധപ്പെട്ട സമിതികളിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നു

# ഉപസംഹാരം

ബന്ധപ്പെട്ട സമിതിയോഗങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ ചർച്ച ചെയ്ത് പി.ടി.എ ഉൾപ്പെടെയുള്ള സമിതികൾ മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും നടപ്പാക്കാനാവശ്യമായ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

നമ്മുടെ വിദ്യാഭ്യാസരംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയാതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. നാട്യങ്ങൾ ഇല്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്ത് സൂക്ഷിക്കുന്നതിന് ഈ വിദ്യാഭ്യാസ പദ്ധതി സഹായിക്കുമെന്ന പ്രതീക്ഷയോടെ ഈ മാർഗ്ഗ രേഖവ സമർപ്പിക്കുന്നു.